മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 ഫെബ്രുവരി 28**

---

## സർട്ടിഫിക്കറ്റ് കോഴ്സ്

*പോളിമേഴ്സ് ഇൻ വേസ്റ്റ് വാട്ടർ മാനേജ്മെന്റ് ആന്റ് വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് ടെക്നിക്സ് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് മാർച്ച് 15 വരെ അപേക്ഷിക്കാം. മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പോളിമെർ സയൻസ് ആന്റ് ടെക്നോളജി, കോഴിക്കോട്ടെ സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, കാലടി ശ്രീശങ്കരാ കോളജ് എന്നിവ സംയുക്തമായാണ് കോഴ്സ് നടത്തുന്നത്. ഫോൺ- 9496544407, 9497829740*

*(പി.ആർ.ഒ/39/1342/2025)*

## സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും കോതമംഗലം പീസ് വാലി റിഹാബിലിറ്റേഷൻ സെന്ററും സംയുക്തമായി വിദ്യാർഥികൾ ഉൾപ്പെടെയുള്ള ദിവ്യാംഗർക്കായി സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. സംസ്ഥാന ഭിന്നശേഷി കമ്മീഷണറും ഐയുസിഡിഎസ് ഓണററി ഡയറക്ടറുമായ ഡോ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിച്ചു.*

*സർവകലാശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജോർജ് ബാബു, ഡോ. ഷിജു കെ.കെ, റവ. ഡോ റെന്നി തോമസ്, ഡോ. വി.സി. ഷൈജു, ഡോ. അലീന ട്രീസ ജോയി എന്നിവർ സംസാരിച്ചു. പീസ് വാലിയിലെയും കോട്ടയത്തെ കുട്ടികളുടെ ആശുപത്രിയിലെയും ഡോക്ടർമാർ ക്യാമ്പിന് നേതൃത്വം നൽകി.*

*(പി.ആർ.ഒ/39/1343/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*അഞ്ചാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി (2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), ത്രിവത്സര എൽ.എൽ.ബി (2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്-അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾ മാർച്ച് 27ന് ആരംഭിക്കും. മാർച്ച് 11 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് 13 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 15 വരെയും അപേക്ഷ സ്വീകരിക്കും.*

.........................

*നാലാം സെമസ്റ്റർ ബിവോക്ക് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പീയറൻസ് -പുതിയ സ്കീം) പരീക്ഷകൾക്ക് മാർച്ച് 11 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് 13 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 15 വരെയും അപേക്ഷ സ്വീകരിക്കും.*

.........................

*ആറാം സെമസ്റ്റർ ബിവോക്ക് (2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പീയറൻസ് -പുതിയ സ്കീം) പരീക്ഷകൾക്ക് മാർച്ച് 10 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് 12 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 14 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1344/2025)*

## പ്രാക്ടിക്കൽ

*ഒന്നാം സെമസ്റ്റർ എംഎസ്സി ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ (സിഎസ്എസ് 2024 അഡ്മിഷൻ റെഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് അഞ്ചു മുതൽ പത്തനംതിട്ട, സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

.....................

*ബിഎഫ്എ ഒന്നാം വർഷം (2018 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) അവസാന വർഷം (2021 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഫെബ്രുവരി 2025) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് പത്തു മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജിൽ നടക്കും.*

*(പി.ആർ.ഒ/39/1345/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**